# ജില്ലാ കോടതി, കോഴിക്കോട്

Phone :0495-2366091
Fax : 0495-2761590
E-mail: courtkkd.ker@nic.in
Courtkzhkode@gmail.com

## വിജ്ഞാപനം

വിജ്ഞാപന തീയതി: 07.12.2023
നമ്പർ A1-16178/2023/FT

**അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 14-12-2023**
**വൈകുന്നേരം 5 മണി.**

ജില്ലയിൽ നാദാപുരത്ത് പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരെ ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗ കോടതിയിൽ താഴെ പറയുന്ന തസ്തികയിലെ പ്രതീക്ഷിത ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വേണ്ടി അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ്**:-

സിവിൽ ജുഡീഷ്യൽ, കോഴിക്കോട് ജില്ല.

**ഒഴിവുകളുടെ എണ്ണം**;-

| ക്രമ നമ്പർ | തസ്തിക | മാസ ശമ്പളം | പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 22,290/- | 1 |

**യോഗ്യത**:-

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തികയിൽ നിന്നോ ഉയർന്ന തസ്തികയിൽ നിന്നോ കോടതികളിൽ നിന്ന് വിരമിച്ചവരായിരിക്കണം. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കോടതികളിൽ നിന്ന് വിരമിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിൽ നിന്ന് വിരമിച്ചവരെയും പരിഗണിക്കുന്നതാണ്.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടില്ല.

## നിയമന രീതി:-

നിയമനം തുടർച്ചയായി 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നത് വരെയോ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെയായിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടെയും, യോഗ്യതകളുടെയും, കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ മേൽ തസ്തികയിലേക്ക് തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരള സർവീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09.07.2019 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (P)81/2019/Fin. പ്രകാരമുള്ള വ്യവസ്ഥകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമ്മതപത്രത്തിൽ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## നിയമനാധികാരി

ജില്ലാ ജഡ്ജ്, കോഴിക്കോട്.

## അപേക്ഷിക്കേണ്ട വിധം

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം "ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കോടതി സമുച്ചയം, കോഴിക്കോട്-673032" എന്ന വിലാസത്തിൽ 14-12-2023 ന് വൈകുന്നേരം 5:00 മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിനു മുകളിൽ വിജ്ഞാപന നമ്പറും "തത്ക്കാലിക നിയമനത്തിനുള്ള അപേക്ഷ" എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ

ജില്ലാകോടതി, കോഴിക്കോട്
തിയ്യതി:07.12.2023.

# അപേക്ഷാ ഫോറം

(ജില്ലയിൽ നാദാപുരത്ത് പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗ കോടതിയിൽ ഉണ്ടാകാൻ പോകുന്ന ഒഴിവുകളിലേക്ക് 14.12.2023 തിയതിയിലെ വിജ്ഞാപന നമ്പർ A1-16178/2023 FT പ്രകാരം താത്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിന്)

| | |
|---|---|
| Affix recent passport size photo | തസ്തിക<br>1. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| അപേകഷകന്റെ/<br>അപേക്ഷകയുടെ പേര് :<br>(മലയാളത്തിൽ)<br><br>(ഇംഗ്ലീഷിൽ വലിയക്ഷരത്തിൽ): | |
| മൊബൈൽ നമ്പർ | |
| വയസ്സ്, ജനന തിയതി | |
| വിരമിച്ച തിയതി, പി. പി. ഒ നമ്പർ<br>വിരമിച്ച തസ്തിക | |
| വിദ്യാഭ്യാസ യോഗ്യത | |
| ഇപ്പോഴത്തെ മേൽവിലാസം | |
| പ്രവൃത്തി പരിചയം | |
| മറ്റു യോഗ്യതകൾ | |

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുക്കൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തിയതി: (പേരും ഒപ്പും)